VIII അറിയിപ്പ്

ബി. എ. സി. യോഗതീരുമാനം സംബന്ധിച്ച്

മി. സ്പീക്കർ : അടുത്ത ബില്ലിലേക്ക് കടക്കുന്നതിനു മുൻപ്, ബിസിനസ്സ് അഡ്വൈസറി കമ്മിറ്റി ഇന്ന്, ഇപ്പോൾ യോഗം ചേരുകയുണ്ടായി. അതിൽ നാളത്തെ ബിസിനസ്സിൽ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. നാളത്തെ ബിസിനസ്, ഇവിടെ സഭ അംഗീകരിച്ചിട്ടുള്ള ബിസിനസ് എന്നു പറയുന്നത് രാവിലെ 9 മണിക്ക് ആരംഭിച്ച് 12.30 വരെ, പിന്നെ 3 മണിക്ക് വീണ്ടും ചേർന്ന് കാര്യവിവരപ്പട്ടികയിലെ ബിസിനസ്സ് തീരുന്നതുവരെ എന്നാണ്. പക്ഷെ ഇന്ന് യോഗം ചേർന്നിട്ട് സമയത്തിൽ തന്നെ ഒരു മാറ്റം വരുത്തി. 9 എന്നുള്ളത് 8.30 മുതൽ ആരംഭിക്കും. അതുസംബന്ധിച്ച് ഇവിടെ റിപ്പോർട്ട് കൊണ്ടുവരാൻ സമയം ഇല്ലാത്തതുകൊണ്ടാണ് ചെയർ അനൗൺസ് ചെയ്യുന്നത്. 8.30 ന് ആരംഭിച്ച് 12.30 വരെ, പിന്നെ തീർന്നില്ലെങ്കിൽ 3 മണിക്ക് ആരംഭിച്ച് തീരുന്നതുവരെ ഇതാണ് ടൈം. അതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി റൂൾ 130 അനുസരിച്ച് അവതരിപ്പിക്കുന്ന ഒരു പ്രമേയം ഉണ്ട്. അതിനെ സംബന്ധിക്കുന്ന ചർച്ചയാണ് ആദ്യം നടക്കുന്നത്. അത് 8.30 മണിക്ക് ആരംഭിക്കും. നാളെ ചോദ്യോത്തരങ്ങൾ ഇല്ല, മറ്റു നടപടികൾ ഒന്നും ഇല്ല. 8.30 ന് റൂൾ 130 അനുസരിച്ചുള്ള മുഖ്യമന്ത്രിയുടെ പ്രമേയവും ചർച്ചയും തുടർന്നുള്ള നടപടികളും. അതിനു ശേഷം ഈ ബില്ലിന്റെ ബാക്കിയും. ഈ രൂപത്തിലുള്ള ഒരു മാറ്റമാണ്. ഇത് സഭയ്ക്ക് അംഗീകരിക്കാമല്ലോ.

(ബി. എ. സി. യുടെ യോഗതീരുമാനം സഭ അംഗീകരിച്ചു)

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ദി കേരള ഡീസെൻട്രലൈസേഷൻ ഓഫ് പവ്വേഴ്സ് (അമെന്റ് മെന്റ്) ബിൽ - 2000 (തുടർച്ച)

മി. സ്പീക്കർ : ശ്രീ. ജോൺ ഫെർണാണ്ടസ് അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ;

ശ്രീ. ജോൺ ഫെർണാണ്ടസ് : ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. ജോൺ ഫെർണാണ്ടസ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടിരിക്കുന്നു.

ഡോ. എം. എ. കുട്ടപ്പൻ അവതരിപ്പിച്ച ഭേദഗതിയെ ....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഡോ. എം. എ. കുട്ടപ്പൻ അവതരിപ്പിച്ച ഭേദഗതി നിരാകരിക്കപ്പെട്ടിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2000-ലെ കേരള അധികാര വികേന്ദ്രീകരണ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ.....

LIBRARY ARCHIVES Kerala Legislative Assembly